പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 59 28 - 05-2019-ൽ മറുപടിക്ക്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

ചോദ്യം
ശ്രീ. വി. ആർ. സുനിൽ കുമാർ

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ സിസ്റ്റം ഡൗൺ ആകുന്നത് മൂലം പ്രവർത്തനം പലപ്പോഴും തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും | ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളും നവീകരിക്കുന്നതിനായി 2.18 കോടി രൂപ അനുവദിക്കുകയും നിലവിൽ 80% നവീകരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ ജീവനക്കാരുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വിവിധ വകുപ്പുകളിൽ നിന്നും ജീവനക്കാരെ സർവീസ് ഓഫീസറായി ലഭ്യമാക്കുന്നതിന് വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകുകയും ലഭ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട്സ് കേന്ദ്രങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി മുഴുവൻ കേന്ദ്രങ്ങളിലും കണക്ടിവിറ്റി, യു.പി.എസ്. തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. നവീകരണം പൂർത്തിയാകുന്നതോടുകൂടി ഇത് നല്ല രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിനു സാധിക്കും. ഫ്രണ്ട്സ് വഴി സേവനം നൽകുന്ന വകുപ്പുകളുടെ വെബ് സർവീസ് ചില സമയങ്ങളിൽ ലഭ്യമാകാതെ വരുന്ന ഘട്ടങ്ങളിൽ അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട് എത്രയും വേഗം പരിഹരിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഇപ്പോൾ നൽകി വരുന്ന സേവനങ്ങൾക്ക് പുറമെ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുന്നതിനും ഫ്രണ്ട്സ് കേന്ദ്രങ്ങളെ ജില്ലയിലെ ഐ.ടി ഹെല്പിങ് ഹബ് ആയി മാറ്റുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ട്. |
| (ബി) | ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ പദ്ധതികളുണ്ടോ ; ആയതിന്റെ നവീകരണ പ്രവർത്തനം നടക്കുന്നുണ്ടോ; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ജനങ്ങളിലെ അറിവില്ലായ്മ പരിഹരിക്കുന്നതിനും, ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്പെടുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽ പുതുതായി വരുന്ന സേവനങ്ങളെ കുറിച്ച് പത്രക്കുറിപ്പുകളിലൂടെയും കളക്ടറേറ്റുകൾ മുഖേനയുള്ള അറിയിപ്പുകളിലൂടെയും പൊതുജനങ്ങൾക്ക് അവബോധം നൽകുന്നുണ്ട്. |
| (ഡി) | കൊല്ലം ജില്ലയിലെ ഫ്രണ്ട്സ് ജന സേവന കേന്ദ്രത്തിൽ നവീകരണ പ്രവൃത്തികൾ നടന്നിരുന്നോ; എങ്കിൽ എന്താക്കെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവെന്ന് അറിയിക്കുമോ; ഇതിലേയ്ക്കായി ചെലവായ തുകയുടെ വിശദ വിവരങ്ങൾ അറിയിക്കുമോ; ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയതെന്നും, ആയതിന്റെ പുരോഗതിയും അറിയിക്കുമോ; | (ഡി) | കൊല്ലം ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ ഫ്രണ്ട് ഡോർ സ്ഥാപിക്കൽ, തടിയിലുള്ള ഫർണിച്ചറുകളുടെ പോളിഷിംഗ്, ഫ്ലോറിംഗ്, പെയിന്റിംഗ് വർക്കുകൾ, പുതിയ കംപ്യൂട്ടർ നെറ്റ് വർക്കിംഗ് പ്രവൃത്തികൾ, കെട്ടിടത്തിലും പുറത്തുമുള്ള നെയിം ബോർഡുകൾ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളും സെന്ററിലെ ആവശ്യത്തിലേയ്ക്കായി പുതിയ കസേരകൾ, ക്യാഷ് ചെസ്റ്റ്, ജനൽ കർട്ടനുകൾ, പുതിയ എ.സി കൾ, പുതിയ ലൈറ്റുകൾ, ടോക്കൺ സിസ്റ്റം, കള്ളനോട്ട് കണ്ടുപിടിക്കുന്ന ഉപകരണം, ട്യൂബുലാർ യു.പി.എസുകൾ, എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം ഫ്രണ്ട്സ് ജന സേവന കേന്ദ്രത്തിന്റെ നവീകരണത്തിനായി 643292/- രൂപ ചെലവായിട്ടുണ്ട്. കൊല്ലം ഫ്രണ്ട്സ് ജനസേവന കേന്ദ്രം നവീകരിക്കുന്നതിലേക്കായി നിർമ്മിതി കേന്ദ്രത്തിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പ്രവൃത്തികളുടെ ഗുണമേന്മയും കാര്യക്ഷമതയും വിലയിരുത്തിയിട്ടുണ്ടോ; | (ഇ) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ നവീകരണ പ്രവൃത്തികളുടെ ഗുണമേന്മ അതാതു ജില്ലകളിലെ ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റി പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ